(3) 50% കേന്ദ്രാവിഷ്കൃത പദ്ധതികളായ കലായ് മത്സ്യബന്ധന തുറമുഖത്തിനും, കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിനും യഥാക്രമം 3479.50 ലക്ഷം രൂപ, 6399 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(4) ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി മുതലപ്പൊഴി മത്സ്യ ബന്ധന തുറമുഖത്തിന്റെ ബാലൻസ് പ്രവൃത്തികൾ (3102 ലക്ഷം രൂപ), മോപ്പിളബേ മത്സ്യബന്ധന തുറമുഖത്തിന്റെ റിവൈവൽ പ്രവൃത്തി (1513.90 ലക്ഷം രൂപ), വിഴിഞ്ഞം, തങ്കശ്ശേരി, പുതിയാപ്പ, ചോമ്പാൽ, അഴീക്കൽ എന്നീ 5 മത്സ്യബന്ധന തുറമുഖങ്ങളിൽ കോൾഡ് സ്റ്റോറേജും ഐസ് പ്ലാന്റും നിർമ്മിക്കുന്ന പ്രവൃത്തി (500 ലക്ഷം രൂപ) തുടങ്ങിയവയ്ക്കായി 5115.9 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

(5) എൻ.എഫ്.ഡി.ബി. പദ്ധതിയിലുൾപ്പെടുത്തി പൂർത്തിയായ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണ പ്രവൃത്തികൾക്കായി തോട്ടപ്പള്ളി (138 ലക്ഷം), മുനമ്പം(136.82 ലക്ഷം), ചോമ്പാൽ (336 ലക്ഷം), ബേപ്പൂർ (299.17 ലക്ഷം) തുടങ്ങിയ പ്രവൃത്തികൾക്ക് 909.97 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനായി 5190.46 ലക്ഷം രൂപ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും 2185 ലക്ഷം രൂപ ആർ.കെ.വി.വൈ. പദ്ധതികൾക്കായി കൃഷി വകുപ്പിൽ നിന്നും 636.03 ലക്ഷം രൂപ എൻ.എഫ്.ഡി.ബി.-യിൽ നിന്നും കേന്ദ്ര സഹായമായി ലഭ്യമായിട്ടുണ്ട്. വിശദാംശം ലിസ്റ്റ് 1-ൽ ഉള്ളടക്കം ചെയ്യുന്നു.*

2. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പിന്നോക്ക വിഭാഗങ്ങൾക്കുള്ള എൻ.സി.എ. ഒഴിവുകൾ

1 (1) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി വിജ്ഞാപനം ചെയ്തിട്ടും പിന്നോക്ക വിഭാഗങ്ങൾക്കുള്ള എൻ.സി.എ. ഒഴിവുകളിലേക്ക് അപേക്ഷകരില്ലെങ്കിൽ പ്രസ്തുത തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പി.എസ്.സി.-യുടെ അഭിപ്രായം ആരാഞ്ഞിരുന്നോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ആരാഞ്ഞിരുന്നുവെന്നും അതിന് മറുപടി ലഭിച്ചോ എന്നും വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) എൻ.സി.എ. നിയമനങ്ങളിലെ സങ്കീർണ്ണതയും കാലതാമസവും പരിഹരിക്കുന്നതിനായി KS & SSR-ലെ ചട്ടം 15-ൽ അനുയോജ്യമായ രീതിയിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിജ്ഞാപനം പി.എസ്.സി.-യുടെ ഉപദേശത്തിനായി നൽകുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും ഉപദേശം/ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് അന്തിമ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കുന്ന കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം

2(2) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ആർ . സെൽവരാജ് :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളെ നേരിൽ കണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവരിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണ രീതിക്ക് ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ടോ;

(ബി) ആയത് സംബന്ധിച്ച് യു.എൻ.ഡി.പി.-യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭരണരീതി പഠന വിധേയമാക്കുവാൻ യു.എൻ.ഡി.പി തീരുമാനിച്ചതായി അറിയാമോ ;എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഐക്യരാഷ്ട്ര സംഘടന ആഗോളതലത്തിൽ പബ്ലിക് സർവ്വീസിനു നൽകുന്ന ഉന്നതമായ അവാർഡ് (UN Public Service Award 2013) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയ്ക്ക് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly